# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ഈസ്റ്റർ പരീക്ഷ 2016

**ക്ലാസ്സ് : VII** സമയം : 2 മണിക്കൂർ

**തീയതി : 08-04-2016** മാർക്ക് : 70

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 5

| | | |
|---|---|---|
| മനുഷ്യൻ | ആരാധന | |
| ദൈവവചനം | സ്നേഹം | ഞായറാഴ്ച |

1. ക്രിസ്ത്യാനികളുടെ മുഖമുദ്ര.
2. നമ്മുടെ ജീവിതത്തിന് ഉറപ്പും ബലവും നൽകുന്നത്.
3. പ്രപഞ്ചത്തിന്റെ കാര്യസ്ഥൻ.
4. ദൈവത്തിന് മാത്രം അവകാശപ്പെട്ടത്.
5. ആഴ്ചതോറുമുള്ള ഈസ്റ്റർ ദിനം.

**പൂരിപ്പിക്കുക** 5

6. നമ്മുടെ നീതിബോധത്തിന്റെ അടിസ്ഥാനം സ്നേഹവും ................ ആകണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്.
7. വി. കുർബാനയിൽനിന്ന് ലഭിക്കുന്ന ശക്തിയാണ് ................ നയിക്കാൻ നമ്മെ പ്രാപ്തനാക്കുന്നത്.
8. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി തീരാൻ ................ പാലിച്ച് ജീവിക്കണം.
9. മിശിഹായും സഭയും തമ്മിലുള്ള ഉടമ്പടിയെ ................ സൂചിപ്പിക്കുന്നു.
10. സത്യം അറിയാനുള്ള അവകാശം ലംഘിക്കപ്പെടുന്നിടത്ത് ................ ദുഷ്കരമായിത്തീരുന്നു.

**ചേരുംപടി ചേർക്കുക** 5

11. നാബോത്ത് - കത്തോലിക്കസഭ
12. വി. മരിയഗൊരേത്തി - കർത്താവിന്റെ ദിനം
13. വി. ഫ്രാൻസിസ് സേവ്യർ - മുന്തിരി തോട്ടം
14. വി. ജോൺ പോൾ രണ്ടാമൻ - പാപത്തെക്കാൾ ഭേദം മരണം.
15. വിശുദ്ധരുടെ പൂന്തോട്ടം - ദ്വിതീയ അപ്പസ്തോലൻ



**പേരെഴുതുക (ജനറൽ)** 5

16. കത്തോലിക്കാ സഭയിലെ വിവിധ സഭകളുടെ ഐക്യത്തിന്റെ അടിസ്ഥാന ഘടകങ്ങൾ?
17. സമാന്തരസുവിശേഷങ്ങൾ എന്നറിയപ്പെടുന്ന പുസ്തകങ്ങൾ?
18. മാർത്തോമ്മാ ശ്ലീഹായുടെ പൂജ്യാവശിഷ്ടം ഇപ്പോൾ എവിടെയാണ്?
19. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഫ്രാൻസിസ് മാർപാപ്പ എഴുതിയ ചാക്രികലേഖനം?
20. പ്രവേശന കൂദാശകൾ ഏവ?

**ശരിയോ, തെറ്റോ എന്നെഴുതുക** 5

21. ദൈവനാമത്തെ സ്തുതിക്കുമ്പോൾ ദൈവത്തെത്തന്നെയാണ് നാം സ്തുതിക്കുന്നത്.
22. ദൈവത്തിന്റെ അസ്ഥിത്വത്തെ തള്ളിക്കളയുകയോ, നിഷേധിക്കുകയോ ചെയ്യുന്നതാണ് അന്ധവിശ്വാസം.
23. പഴയനിയമത്തിൽ മനഃസാക്ഷി എന്നാൽ സ്വാതന്ത്ര്യം എന്നാണ് അർത്ഥം.
24. ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യസംരക്ഷണം മനുഷ്യന്റെ കടമയാണ്.
25. വി. ഫ്രാൻസിസ് സേവ്യർ 1552 ഡിസംബർ 3-ാം തീയതി സാൻസിയൻ ദ്വീപിൽവച്ച് ദിവംഗതനായി.

**ബൈബിളിൽനിന്ന് ഉദ്ധരിക്കുക** 4

26. ഈശോയുടെ നാമത്തിന് രക്ഷാകരമായ ശക്തിയുണ്ട് എന്ന് വെളിവാക്കുന്ന തിരുവചനഭാഗം വി. യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് (യോഹ. 16:23).
27. ബാഹ്യനിയമത്തിൽ മാത്രം ശ്രദ്ധിച്ച് വിശ്വാസജീവിതത്തിൽ വളരുന്ന ജനക്കൂട്ടത്തോട് യേശു പറഞ്ഞ വചനം (മത്താ. 7:23).

**ഉത്തരമെഴുതുക**

28. ദൈവപ്രമാണങ്ങളുടെ സാരാംശമെന്ത്? 2
29. വി. അന്തോനീസിന്റെ ജീവിത സന്ദേശമെന്ത്? 3
30. വി. പൗലോസ് ലൈംഗിക വിശുദ്ധിയെക്കുറിച്ച് പഠിപ്പിക്കുന്നതെന്ത്? 3

31. വി. മരിയ ഗൊരേത്തിയുടെ മാതാപിതാക്കൾ ആരെല്ലാം? വിശുദ്ധയുടെ പുണ്യവചനമെന്ത്? **3**

32. മനഃസാക്ഷി എന്നാലെന്ത്? മനഃസാക്ഷി രൂപീകരണം ആവശ്യമായിരിക്കുന്നതെന്തുകൊണ്ട്? **4**

33. ജീവൻ ദൈവത്തിന്റെ ദാനമാണെന്നും ആ ജീവന്റെ പരിപോഷകരാണ് നാമെന്നുള്ള സത്യം മനസ്സിലാക്കിക്കൊണ്ട് ജീവൻ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം മാർഗ്ഗങ്ങൾ നമുക്ക് സ്വീകരിക്കാം? **4**

34. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും പൂർണ്ണമായി കുർബാനയിൽ പങ്കുകൊള്ളണമെന്നും വിലക്കപ്പെട്ട വേലകൾ ചെയ്യരുതെന്നും പറയുന്നതിന്റെ അർത്ഥമെന്ത്? **5**

35. മാതാപിതാക്കളോടുള്ള മക്കളുടെ കടമകൾ എന്തെല്ലാം? **5**

36. പ്രകാശത്തിന്റെ ഒന്നും രണ്ടും രഹസ്യങ്ങൾ എഴുതുക. **5**

37. ഈശോയുടെ സ്നേഹം പ്രകടിപ്പിക്കാനുള്ള മാർഗ്ഗങ്ങളാണ് കാരുണ്യപ്രവൃത്തികൾ. കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ കാരുണ്യപ്രവൃത്തികൾ ഏതെല്ലാമെന്ന് എഴുതുക. **7**